# മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

## തിരുവനന്തപുരം

നമ്പർ ബി2/9407/2012/ഡി.എം.ഇ. തീയതി : 04/9/2013

## വിജ്ഞാപനം

ഗവണ്മെന്റ് കത്ത് നമ്പർ 18267/S3/2013/H&FWD, Dated: 04/09/13. ന്റെ അടിസ്ഥാനത്തിൽ സർവീസ് ക്വാട്ടയിലും ജനറൽ മെരിററ് ക്വാട്ടയിലും ഒഴിവു വന്ന സീററുകളിലേയ് ക്ക് 2013ലെ പി.ജി.സൂപ്പർ സ്പെഷ്യാലിററി കോഴ്സിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ഡയറക്ടറേററ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ വച്ച് 2013 സെപ്ററംബർ മാസം 9 ന് 11 മണിമുതൽ സർ വീസ് ക്വാട്ടയിലുള്ളവർക്കും ജനറൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ളവർക്കും വേണ്ടി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രവേശന പരീക്ഷാകമ്മിഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തുന്നത്.

കൗൺസലിംഗിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ www.dme.kerala.gov.in എന്ന വെബ്സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. തങ്ങൾ തെരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന വിഷയവും, കോളേജും പ്രസ്തുത ഫാറത്തിൽ അലോട്ട്മെന്റ് സമയത്ത് രേഖപ്പെടുത്തി നൽകേണ്ടതാണ്.

അലോട്ട്മെന്റ് സമയത്ത് ഒഴിവുള്ള സീററിലേയ്ക്ക് അപേക്ഷകർക്ക് ഓപ്ഷൻ നൽകാവുന്നതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിൽ (30/07/13 -ൽ സർവീസ് ക്വാട്ടയ് ക്കും 12/08/13 –ൽ ജനറൽ ക്വാട്ടയ്ക്കും) ഹാജരാകാത്ത അപേക്ഷകരെ രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിലും, സീററുകളുടെ ലഭ്യത അനുസരിച്ചും അഡ്മിഷൻ ലഭിക്കുന്നതാണ്. അപേക്ഷകർ നേരിട്ടോ, അധികാരപ്പെടുത്തിയ വ്യക്തി മുഖേനയോ കൗൺസലിംഗിൽ ഹാജരാകാം. അധികാരപ്പെടുത്തിയ വ്യക്തി മുഖേന ഹാജരാകുന്നവർ അതിലേയ്ക്കായി പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള അധികാരപത്രം പൂരിപ്പിച്ച് നൽകേണ്ടതാണ്. അപേക്ഷകർ പ്രവേശന പരീക്ഷയുടെ അഡ്മിററ് കാർഡും, സർട്ടിഫിക്കററുകളുടെ അസ്സലും ഹാജരാക്കേണ്ടതാണ്. കഴിഞ്ഞ കൗൺസിലിംഗുകളിൽ പങ്കെടുത്ത് അഡ്മിഷൻ നേടിയവർ ഈ കൗൺസിലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അഡ്മിഷൻ നേടിയ കോളേജിൽ സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കററുകളുടെ വിശദവിവരങ്ങൾ കോളേജ് അധികാരികളിൽ നിന്നും ഹാജരാക്കേണ്ടതാണ്. ( പൊസെഷൻ സർട്ടിഫിക്കററ്)

കൗൺസലിംഗിൽ സെലക്ഷൻ നേടുന്ന അപേക്ഷകർ 2013 സെപ്ററംബർ മാസം 11 ാം തീയതി അതാത് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇതു സംബന്ധിച്ച് തുടർന്നുള്ള വിവരങ്ങൾക്ക് www.dme.kerala.gov.in എന്ന വെബ്സൈററ് സന്ദർശിക്കുവാൻ താത്പര്യപ്പെടുന്നു.

Sd/-

ഡയറക്ടർ